(ബി) (1) പൊതു സ്ഥലത്ത് പുകവലി നിരോധിച്ചുകൊണ്ടുള്ള 12-7-1999-ലെ ബഹു. കേരള ഹൈക്കോടതി വിധി.

(2) പരസ്യം നിരോധിച്ചും ഉത്പാദന വിതരണം നിയന്ത്രിച്ചും കൊണ്ടുള്ള കേന്ദ്ര നിയമങ്ങളും ചട്ടങ്ങളും.

(3) ആരോഗ്യത്തിന് ഹാനികരമായതിനാൽ ആളുകൾ പുകവലി ഉപേക്ഷിക്കുന്നു എന്നത്.

(4) ബീഡി ഉപഭോക്താക്കളിൽ കണ്ടുവരുന്ന സിഗരറ്റ്, പാൻപരാഗ് പോലുള്ള ഉൽപ്പന്നങ്ങളോടുള്ള കമ്പം.

(5) സെൻട്രൽ എക്സൈസ് ഡ്യൂട്ടി അടയ്ക്കുന്നതിനുള്ള പരിധി 20 ലക്ഷം ബീഡിയ്ക്കു മുകളിലുള്ള ഉൽപാദനത്തിനായതിനാൽ ഡ്യൂട്ടി അടയ്ക്കുന്നതിൽ സ്വകാര്യ ബീഡി വ്യവസായികൾ വെട്ടിപ്പ് നടത്താനും മാർക്കറ്റിൽ വ്യാജ ബീഡി വർദ്ധിക്കുന്നതിനും ഇടയാകുന്നു.

(സി) ബീഡി വ്യവസായ രംഗത്തെ പ്രതിസന്ധി പരിഹരിക്കുവാൻ ഉപ്പോൾ അടിയന്തിര നടപടി എന്ന നിലയിൽ ബീഡി വ്യവസായ രംഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വി. ആർ. എസ്. വഴി വിരമിച്ചവർ

31 [1236] ശ്രീ. കെ. ബാബു:

,, ജോർജ് ജെ. മാത്യു:

,, വി. ജെ. പൗലോസ്:

,, പി. ശങ്കരൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഇതുവരെ എത്രപേർ വോളന്ററി റിട്ടയർമെന്റ് പദ്ധതിപ്രകാരം വിരമിച്ചിട്ടുണ്ട്;

(ബി) ഇവർക്കുവേണ്ടി ആനുകൂല്യമിനത്തിൽ ഒട്ടാകെ എത്ര തുക ചെലവായി;

(സി) ഇത്രയും പേർ വോളന്ററി റിട്ടയർമെന്റ് പദ്ധതിപ്രകാരം പിരിഞ്ഞുപോയതിന്റെ ഫലമായി എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായിത്തീരുകയോ നഷ്ടമില്ലാത്ത അവസ്ഥയിൽ എത്തിച്ചേരുകയോ ചെയ്തിട്ടുണ്ട് എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1994 മുതൽ 5015 പേർ വിരമിച്ചിട്ടുണ്ട്.

(ബി) 12,816.90 ലക്ഷം രൂപ.

(സി) വോളന്ററി റിട്ടയർമെന്റ് പദ്ധതി നടപ്പാക്കിയ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നഷ്ടം കുറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കാൻ വിദേശികൾ നിക്ഷേപിച്ച തുക

32 [1237] ശ്രീ. കെ. എ. ചന്ദ്രൻ :

,, ജി. പ്രതാപവർമ്മ തമ്പാൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. ഡി. സുഗതൻ :

,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മുതൽ ഇതുവരെ എത്ര വിദേശികൾ സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി നിക്ഷേപം നടത്തിയിട്ടുണ്ട്;

(ബി) എന്തു തുകയുടെ നിക്ഷേപം ഇവർ ഇക്കാലത്ത് നടത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത നിക്ഷേപം വഴി എത്ര പേർക്ക് തൊഴിൽ ലഭിക്കും;

(ഡി) കൂടുതൽ വിദേശ നിക്ഷേപകരെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി, ആന്റ് സി) കുമരകം ലേക്ക് റിസോർട്ട്സിലും എറണാകുളം റുബെക് ബലൂൺസിലുമായി ഈ കാലയളവിൽ യഥാക്രമം 20 കോടിയുടെയും 1 കോടിയുടേയും വിദേശ നിക്ഷേപം നടത്തിയിട്ടുണ്ട്. 269 പേർക്ക് ഇതിൻപ്രകാരം തൊഴിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര സർക്കാരിന്റെ സെക്രട്ടേറിയറ്റ് ഫോർ ഇൻഡസ്ട്രിയൽ അസിസ്റ്റൻസ് വഴി 2001 ജൂലായ് മുതൽ 2004 ജൂലായ് വരെ കേരളത്തിൽ വിദേശ നിക്ഷേപത്തിന് ഏകേശം 352 കോടി രൂപയുടെ നിക്ഷേപത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു †.

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly